# INDIAN SCHOOL MUSCAT
## SENIOR SECTION
## DEPARTMENT OF MALAYALAM
### HOME ASSIGNMENT
## CLASS: IX

**അവധാരണം**

**I. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

സന്ധ്യയ്ക്കു മാനത്തു മലർന്ന താര –
ത്താരത്രയും കണ്ടു ചെടിച്ച കണ്ണേ!
കുനിഞ്ഞിടാമൊന്നിനി; നിന്റെ നോട്ടം
കുപ്പക്കുഴിക്കുള്ളിലുമെത്തിടട്ടെ.
പറമ്പിലങ്ങിങ്ങു പകച്ചൊതുങ്ങി –
പ്പാവങ്ങളാം തുമ്പകളൊട്ടനേകം
തുലോമവറ്റിൻ പുകളിന്നു വിത്താം
തൂവെൺ മലർത്തെല്ലുമണഞ്ഞു നിൽപ്പൂ.
ജാതിച്ചുവട്ടിൽജ്ജലസേകമേകും
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളർത്തിടുന്നില്ലതുപോട്ടെ; ദൂരെ
വലിച്ചുമാറ്റുന്നതുമുണ്ടു! കഷ്ടം!
ഉയർത്തി വെള്ളക്കൊടി കാട്ടുവോനെ –
യുന്മൂലനം ചെയ്യുമുഗ്രപാണി
പരാക്രമം വായ്ക്കുമരിക്കൊതുങ്ങി –
പ്പാവങ്ങളെത്തച്ചു തരിപ്പു തീർപ്പൂ!

**ചോദ്യങ്ങൾ**

1. പറമ്പിലങ്ങിങ്ങു പകച്ചൊതുങ്ങി നിൽക്കുന്നത് ആരാണ്?

(തുമ്പകൾ, താരകൾ, ജനങ്ങൾ, ഉഗ്രപാണി)

2. സന്ധ്യയ്ക്കു മാനത്ത് മലർന്നത് ആരാണ്?

(ജനങ്ങൾ, പാവങ്ങൾ, താരത്താര്, കവി)

3. ജാതിച്ചുവട്ടിൽ ജലസേകമേകുന്നത് ആരാണ്?

(തുമ്പകൾ, താരകൾ, ജനങ്ങൾ, ഉഗ്രപാണി)

4. ഈ കവിതാഭാഗത്ത് 'സാധു' എന്നർഥം വരുന്ന പദം ഏത്?

(കഷ്ടം, പരാക്രമം, പാവം, തുലോം)

5. ഉയർത്തി വെള്ളക്കൊടി കാട്ടുവോനെ ഉന്മൂലനം ചെയ്യുന്നത് ആര്?

(തുമ്പകൾ, താരകൾ, ജനങ്ങൾ, ഉഗ്രപാണി)